<u>പതിമൂന്നാം കേരള നിയമസഭ</u>
<u>പതിനൊന്നാം സമ്മേളനം</u>

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1168** **12/06/2014-ൽ മറുപടിയ്ക്ക്**

<u>**പണയിൽകടവ് പാലം അപ്രോച്ച് റോഡിന്റെ നിർമ്മാണം**</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. ബി. സത്യൻ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) പണയിൽകടവ് പാലം അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;<br><br>(ബി) പാലം പണി പൂർത്തിയായി വർഷങ്ങളേറെയായെങ്കിലും ഭൂമി ഏറ്റെടുക്കലിന് തടസ്സമായി നിൽക്കുന്ന കാര്യങ്ങൾ വിശദമാക്കാമോ ;<br><br>(സി) ഭൂമി ഏറ്റെടുത്ത് റോഡ് നിർമ്മാണം പൂർത്തിയാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ? | <u>(എ) യും (ബി) യും (സി) യും.</u><br><br>പണയിൽകടവ് പാലം അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിന് വേണ്ടി ചെറുന്നിയൂർ വില്ലേജിൽപ്പെട്ട 21.8 ആർ സ്ഥലം 2006-ൽ ഏറ്റെടുത്തെങ്കിലും 574/4 566/13 എന്നീ സർവ്വേ നമ്പരുകളിൽ ഉൾപ്പെട്ട സ്ഥലം ബി. റ്റി. ആർ. പ്രകാരം ഭൂസ്ഥിതിവഴി എന്ന് രേഖപ്പെടുത്തിയതി നാൽ ടി സ്ഥലം പട്ടയഭൂമിയാണോ പുറമ്പോക്കാണോ എന്ന് വ്യക്തമാകാത്ത തിനാൽ പ്രഖ്യാപനത്തിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുവാൻ കഴിഞ്ഞില്ല. ഇത് സംബന്ധിച്ച് ബഹു. ലോകായുക്തയിൽ 364/2008 നമ്പരായി ഒരു കേസും നിലനിന്നിരുന്നു. ഇപ്പോൾ ലോകായുക്തയുടെ ഉത്തരവിന്റെകൂടി അടിസ്ഥാനത്തിൽ ടി ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇത് സംബന്ധിച്ച് ബഹു. ബി. സത്യൻ എം. എൽ. എയുടെ സാന്നിദ്ധ്യത്തിൽ 31-05-2014-ൽ കളക്ട്രേറ്റിൽ ചേർന്ന യോഗത്തിൽ അടിയന്തിരമായി ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ